ഉത്തരം

(എ) ഉണ്ട്.

(ബി) ചില യോഗങ്ങളിൽ പങ്കെടുക്കുന്നില്ലെന്ന് പരാതി ലഭിച്ചിട്ടുണ്ട്.

(സി) കൃഷിഭവനുകളിലെ കാർഷിക വികസന സമിതി യോഗം എല്ലാ മാസവും കൂടണം എന്ന് നിർദ്ദേശം ഉണ്ട്. ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ 5 മുതൽ 8 വരെ കൃഷിഭവനുകൾ ഉള്ളതിനാൽ എല്ലാ കാർഷിക വികസന സമിതി യോഗങ്ങളിലും കൃഷി അസിസ്റ്റന്റ് ഡയറക്ടർ പങ്കെടുക്കുന്നതിന് കഴിയാതെ വരുന്നുണ്ട്. കഴിയുന്നത്ര യോഗങ്ങളിൽ പങ്കെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**104 (3429) പ്ലാന്റേഷൻ കോർപ്പറേഷനിലെ ആശ്രിത നിയമനം**

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്ലാന്റേഷൻ റിട്ടയേർഡ് എംപ്ലോയീസ് അസോസിയേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിന് നിവേദനം നൽകിയിരുന്നുവോ? എങ്കിൽ പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങളിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) അനാരോഗ്യംമൂലം ജോലിചെയ്യാൻ സാധിക്കാതെ ജോലിയിൽ നിന്നും പിരിഞ്ഞുപോകേണ്ടിവന്നവരുടെ ആശ്രിതർക്ക് നിയമനം നൽകാൻ പ്ലാന്റേഷൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ; ഈ ആനുകൂല്യം കോർപ്പറേഷന്റെ ആരംഭകാലം മുതൽ ജോലി ചെയ്തിരുന്നവരും ഇതിനോടകം ഇത്തരത്തിൽ സർവ്വീസിൽ നിന്നു പിരിഞ്ഞു പോകേണ്ടി വന്നവരുമായവരുടെ ആശ്രിതർക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോർപ്പറേഷനിൽനിന്നും പിരിഞ്ഞുപോയ ജീവനക്കാർക്ക് ചികിത്സാസൗകര്യം നൽകണമെന്ന അഭ്യർത്ഥന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വളരെ പാവപ്പെട്ടവരായ ഈ വിഭാഗക്കാർക്കുകൂടി കോർപ്പറേഷന്റെ ചെലവിൽ ചികിത്സാ സൗകര്യം ചെയ്തുകൊടുക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് പ്ലാന്റേഷൻ റിട്ടയേർഡ് എംപ്ലോയീസ് അസോസിയേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമർപ്പിച്ച നിവേദനം പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) പ്ലാന്റേഷൻ കോർപ്പറേഷനിൽ ദിവസക്കൂലിക്കാരായ തൊഴിലാളികളുടെ ഒഴിവുകളിൽ 50% ഒഴിവുകൾ പ്രായാധിക്യവും ശേഷിക്കുറവുംമൂലം സ്വയം പിരിഞ്ഞു പോകാനാഗ്രഹിക്കുന്ന തൊഴിലാളികൾക്കുപകരം അവരുടെ ആശ്രിതർക്ക് സമാശ്വാസതൊഴിൽ പദ്ധതിയിൽപ്പെടുത്തി ചില വ്യവസ്ഥകൾക്കുവിധേയമായി തൊഴിലാളികളായി നിയമനം നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ആനുകൂല്യം കോർപ്പറേഷന്റെ ആരംഭകാലം മുതൽ ജോലി ചെയ്തിരുന്നവരും, ഇതിനോടകം ഇത്തരത്തിൽ സർവ്വീസിൽ നിന്നു പിരിഞ്ഞുപോകേണ്ടിവന്നവരുമായവരുടെ ആശ്രിതർക്കുകൂടി നൽകുന്ന കാര്യം പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യം കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ പരിഗണനയിലാണ്.

**105 (3430) കൃഷി വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിലെ ദിവസക്കൂലിക്കാരുടെ വേതനം**

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ ജോലി ചെയ്യുന്ന ദിവസക്കൂലിക്കാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റുവിഭാഗം ജീവനക്കാർക്ക് ദിവസക്കൂലി വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ കൃഷിവകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ദിവസക്കൂലിക്കാർക്കുകൂടി വേതന വർദ്ധനവ് ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ദിവസക്കൂലിയിനത്തിൽ നിയമിക്കുന്നവർക്ക് പി.ഡബ്ല്യു.ഡി. നിശ്ചയിച്ച 1996-ലെ ഷെഡ്യൂൾ അനുസരിച്ചുള്ള വേതനമാണ് നൽകുന്നത്. മെക്കാനിക്ക്, ഓവർസീയർ ഗ്രേഡ് II, ഗ്രേഡ് I എന്നീ തസ്തികയ്ക്ക് യഥാക്രമം 91 രൂപ, 84 രൂപ, 105 രൂപ എന്നീ നിരക്കിലാണ് പ്രതിദിനം വേതനം നൽകുന്നത്.

(ബി) നിർദ്ദേശങ്ങളൊന്നും കൃഷി വകുപ്പിന്റെ പരിഗണനയിലില്ല.

**106 (3431) കോന്നി മണ്ണു സംരക്ഷണ കേന്ദ്രം തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്**

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ണു സംരക്ഷണ കേന്ദ്രം കാർഷിക സർവ്വകലാശാലയുടെ ഭാഗമായി മാറ്റിയപ്പോൾ അവിടെ ജോലിചെയ്തിരുന്ന തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം സർക്കാർ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) യൂണിവേഴ്സിറ്റിയുടെ അധീനതയിൽ തൊഴിലാളികൾ വന്നു ചേർന്നതിനുശേഷം ആരെങ്കിലും പ്രൊവിഡന്റ് ഫണ്ടിൽ നിന്നും വായ്പ ലഭിക്കാനായി അപേക്ഷിച്ചിരുന്നോ; എങ്കിൽ ആരെല്ലാം അപേക്ഷിച്ചിരുന്നു എന്നും ഇവർക്ക് വായ്പ അനുവദിക്കുകയുണ്ടായോ എന്നും വ്യക്തമാക്കുമോ;

(സി) വായ്പ അനുവദിച്ചില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പാവപ്പെട്ട തൊഴിലാളികൾക്ക് പി.എഫ്. ലോൺ എടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അത് ഒഴിവാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly